പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

.........................................

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 318

21.06.2018 - ൽ മറുപടിക്ക്.

## സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയുടെ വികസനം

......................

<u>ചോദ്യം</u>
ശ്രീ.എൽദോ എബ്രഹാം,
ശ്രീ. ചിറ്റയം ഗോപകുമാർ,
ശ്രീ. ആർ രാമചന്ദ്രൻ,
ശ്രീ. ഇ. കെ. വിജയൻ.

<u>മറുപടി</u>
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി).

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യാവസായിക വളർച്ച കൈവരിക്കുന്നതിനും നടത്തുന്ന ശ്രമങ്ങൾ വിശദമാക്കുമോ ;

(എ) : സംസ്ഥാനത്ത് വ്യവസായ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യാവസായിക വളർച്ച കൈവരിക്കുന്നതിനും സർക്കാർ നടപടികൾ ആരംഭിച്ച കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നത് സുഗമമാക്കുക എന്ന ലക്ഷ്യത്തോടെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2017 പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ചെറുകിട വ്യവസായ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയ നൂതന പദ്ധതികൾ താഴെപ്പറയുന്നു:-

- നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി.
- എറണാകുളത്തും തൃശ്ശൂരും ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്.
- സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.
- സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ കർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി.
- സസ്ഥാന ക്ലസ്റ്റർ ഡവലപ്പ്മെന്റ് പദ്ധതി.
- തകർച്ച നേരിടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പുനരുദ്ധാരണ പദ്ധതി.
- സംരംഭകത്വ സഹായ പദ്ധതികൾ.
- വ്യവസായ വികസനം ലക്ഷ്യ മാക്കിയുള്ള പശ്ചാത്തല വികസന പദ്ധതികളിലൂന്നി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം.
- തൃശ്ശൂർ ജില്ലയിലെ പൂവൻതുരുത്ത്,

എറണാകുളം ജില്ലയിലെ എടയാർ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള പ്രത്യേക പ്രോജക്ടുകൾ.

- യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്.
- എല്ലാ ജില്ല വ്യവസായ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ.
- ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ ഒരു പ്രദേശത്ത് നിർമ്മിക്കുന്നതിന് ക്ലസ്റ്റർ ഡവലപ്പ്മെന്റ് പ്രോഗ്രാം.
- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആഷ പദ്ധതി.

ഇവ കൂടാതെ കേരളത്തിൽ ചെറുകിട വ്യവസായികളെ ആകർഷി ക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാമുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയുള്ള സംരംഭകത്വ ബോധവത്കരണ പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, ചെറുകിട-സൂക്ഷ്മ-ഇടത്തരം സംരംഭകരുടെ ഉൽപ്പന്ന-വിപണന മേളകൾ, മെഷീനറി പ്രദർശനം തുടങ്ങിയവയും നടത്തി വരുന്നു.

ഇത്തരം പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കും.

| | | |
|---|---|---|
| (ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ; | (ബി) : | വ്യവസായ വികസന ഏരിയയിലെ സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. വികസന ഏരിയ/പ്ലോട്ടുകളിലെ ആഭ്യന്തര റോഡിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളായ ആന്തരിക റോഡുകൾ, വൈദ്യുതി, ജലം തുടങ്ങിയവയ്ക്കായി 100% സർക്കാർ വിഹിതം നൽകുന്നു. കൂടാതെ ഖര-ദ്രവ്യ മാലിന്യ സംസ്കരണത്തിനായി 70:30 എന്ന അനുപാതത്തിലും മറ്റ് അടിസ്ഥാന സൗകര്യങ്ങളായ ചുറ്റുമതിൽ, പൊതു കോൺഫറൻസ് ഹാൾ തുടങ്ങിയവയുടെ വികസനത്തിനായി 50:50 അനുപാതത്തിൽ സർക്കാർ വിഹിതവും ഉപഭോക്തൃ വിഹിതവും വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്ന രീതിയും നിലവിലുണ്ട്. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ |

സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി മറ്റൊരു പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | സൂക്ഷ്മ, ചെറുകിട യൂണിറ്റുകൾക്ക് സംരംഭക സഹായ പദ്ധതി നിലവിലുണ്ടോ ; വിശദമാക്കുമോ ; | (സി) : | ഉണ്ട്.<br>പ്രസ്തുത പദ്ധതി പ്രകാരം ഉത്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. ഇത് മൂന്ന് ഘട്ടങ്ങളിലായാണ് നൽകുന്നത്.<br>സ്റ്റാർട്ട്പ്പ് സപ്പോർട്ട്, ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട്, ടെക്നോളജി സപ്പോർട്ട് എന്നിവയാണ് മൂന്ന് ഘട്ടങ്ങൾ. |
| (ഡി) | എം.എസ്.എം.ഇ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്റ്റാർട്ട്പ്പ് സബ്സിഡി എന്ന പദ്ധതി നിലവിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) : | ഉണ്ട്.<br>സ്റ്റാർട്ട്പ്പ് സബ്സിഡി ഫോർ ക്രിയേഷൻ ഓഫ് എംപ്ലോയ്മെന്റ് ഓപ്പർച്ച്യൂണിറ്റീസ് എന്ന പദ്ധതിയിൻ കീഴിൽ "സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ. & ഇ.പി.എഫ് കോൺട്രീബ്യൂഷൻ ഓഫ് എപ്ലോയർ ഫോർ ക്രിയേറ്റിങ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ" എന്ന പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്. 01/04/2017-ന് ശേഷം സൃഷ്ടിക്കപ്പെടുന്ന ഓരോ അധിക തൊഴിലിനും അനുസൃതമായി തൊഴിലുടമ അടക്കുന്ന ഇ.എസ്.ഐ, ഇ.പി.എഫ് വിഹിതത്തിന്റെ 75% തുക 3 വർഷത്തേക്ക് റീ ഇമ്പേഴ്സ് ചെയ്ത് നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളിൽ 01/04/2017-ന് ശേഷം ഏറ്റവും കുറഞ്ഞത് 5 പേർക്കെങ്കിലും തൊഴിൽ നൽകുന്നതും ഉത്പാദന സേവന മേഖലയിലുള്ളതുമായ എല്ലാ മൈക്രോ, സ്മാൾ, മീഡിയം സംരംഭങ്ങൾക്കും ഈ ആനുകൂല്യം ലഭിക്കും. ഇതിനായി നടപ്പു സാമ്പത്തിക വർഷം 110 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.